27/10/2020
TUESDAY

# MALAYALAM
## (Adisthana Padavali)

STD - 8
Class - 14

Text book first question answer.

1. വൃക്ഷങ്ങളിൽ വച്ചു വൃക്ഷം മാവുതന്നെയാണെന്ന് ലേഖകൻ സമർഥിക്കുന്നതെങ്ങനെ? വൃക്ഷങ്ങൾക്കു നൽകുന്ന വിശേഷണങ്ങൾ എത്രമാത്രം ഉചിതമാണ്? പാഠസന്ദർഭം വിശകലനം ചെയ്ത് സ്വാഭിപ്രായം സമർഥിക്കുക.

Ans) മാവു തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവമാണ്. മാമ്പൂവിന്റെ മൃദുലമായ പരിമളം ഗ്രാമത്തിൽ നിറയും. ഉണ്ണിമാങ്ങാപ്പരുവം മുതൽ മാങ്ങകൊണ്ടുള്ള വിഭവങ്ങൾ ആസ്വദിക്കാം. പച്ചമാങ്ങ ഉപ്പുചേർത്ത് കഴിക്കാൻ രസമാണ്. മാങ്ങ പഴുത്തുകഴിയുമ്പോൾ ആ രസം ഉയർന്ന നിലയിൽ എത്തുന്നു. മാമ്പഴം ഈമ്പിക്കുടിക്കുന്നതിന്റെ മധുരം അത്രവലുതാണ്. മാങ്ങാക്കാലം കഴിഞ്ഞാലും ആണ്ടോടാണ്ടു പല രൂപഭേദങ്ങളിലും മാങ്ങ സൂക്ഷിച്ചുവെച്ച് ആസ്വദിക്കുന്നു. മാങ്ങയുടെ അണ്ടിപ്പരിപ്പും ഔഷധമൂല്യമുള്ള ഭക്ഷണമാണ്. നാട്ടിൻപുറത്തിന്റെ ഭാഗമായ മാവ് വൃക്ഷങ്ങളിൽവച്ച് വൃക്ഷമാണ് എന്ന് പറയാൻ കാരണം ഇതൊക്കെയാണ്.

സർവവൃക്ഷങ്ങൾക്കും മീതെ എന്നു ഭാവിച്ചു നിൽക്കുന്ന വൃക്ഷം എന്ന് ലേഖകൻ വിശേഷിപ്പിക്കുന്നത് അരയാലിനെയാണ്. പടർന്നുപന്തലിച്ച് ഉയരത്തിൽ തലപ്പൊക്കത്തോടെ നിൽക്കുന്ന അരയാലിന്, തികച്ചും ഇണങ്ങുന്ന വിശേഷണം തന്നെയാണിത്.